**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5348 — 01.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച നിയമം/സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇത് നിലവിൽ വന്നത് എപ്പോഴാണെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലെയും 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80 ഉപവകുപ്പ് (3 എ) യുടെ അനുബന്ധ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ നേരിട്ട് നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി മുഖേന ആയിരിക്കുമെന്ന വ്യവസ്ഥ 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80 ഉപവകുപ്പ് (3 എ) ൽ നിലവിലുണ്ട്. ഇത് പ്രാബല്യത്തിൽ വന്നത് 25.04.1995-ലാണ്. |

| | |
|---|---|
| (ബി) ഇതനുസരിച്ച് സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; | (ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള അപ്പക്സ് സഹകരണ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് ഷെഡ്യൂൾഡ് കാസ്റ്റ് & ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ എന്നീ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (സി) ഈ വിഷയത്തിൽ സർക്കാരിന്റെ നയപരമായ നിലപാട് വിശദമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) പി.എസ്.സി മുഖേന നിയമനങ്ങൾ നടത്തേണ്ട സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ അപ്രകാരം പി.എസ്.സി വഴി തന്നെ നടത്തപ്പെടുകയും ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ അവസരങ്ങൾ സംജാതമാക്കി സഹകരണ മേഖലയിലെ നിയമനം സുതാര്യമാക്കുകയാണ് സർക്കാരിന്റെ നയം. |
| (ഡി) എങ്കിൽ സ്പെഷ്യൽ റൂൾസ് പ്രാവർത്തികമാക്കാനും നടപ്പാക്കാനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള അപ്പക്സ് സഹകരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള കേര കർഷക സഹകരണ ഫെഡറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് പ്രാവർത്തികമാക്കുന്നതിനായി |

കരട് റിക്രൂട്ട്മെന്റ് റൂൾസ്
തയ്യാറാക്കി പി.എസ്.സിയുടെ
അംഗീകാരത്തിന്
സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ